(ബി) അടിസ്ഥാന സൗകര്യത്തിനായി ഇതുവരെ ആകെ തുകയുടെ 35 ശതമാനം ചെലവഴിച്ചു.

(സി) ഓരോ വിഭാഗം പണികൾക്കും കേന്ദ്രഗവൺമെന്റ് നിശ്ചയിച്ചിട്ടുള്ള നിരക്ക് അനുസരിച്ച് പരമാവധി ചെലവഴിക്കാവുന്ന തുക ഇനം തിരിച്ച് താഴെ ചേർത്തിരിക്കുന്നു:

പുതിയ ക്ലാസ് മുറി	..	1.5 ലക്ഷം രൂപ.
ടോയ്‌ലറ്റ്	..	20,000 രൂപ.
ചുറ്റുമതിൽ	..	40,000 രൂപ.
വൈദ്യുതീകരണം	..	10,000 രൂപ.
കുടിവെള്ളം	..	15,000 രൂപ.

അദ്ധ്യാപക വിദ്യാർത്ഥി അനുപാതം

83 [635] ശ്രീ. എൻ. ശക്തൻ:
„ തേറമ്പിൽ രാമകൃഷ്ണൻ:
„ ലൂഡി ലൂയിസ്:
„ പ്രയാർ ഗോപാലകൃഷ്ണൻ:
ശ്രീമതി മാലേത്ത് സരളാദേവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ ഗവൺമെന്റ് സ്കൂളുകളിലും എയ്ഡഡ് സ്കൂളുകളിലുമായി എത്ര വിദ്യാർത്ഥികൾ പഠിക്കുന്നു;

(ബി) നിലവിലുള്ള ഉത്തരവനുസരിച്ച് അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം എത്രവീതമാണ്;

(സി) ഈ അനുപാതമനുസരിച്ച് ഉണ്ടായിരിക്കേണ്ട അദ്ധ്യാപകരുടെ എണ്ണം എത്ര;

(ഡി) ഇപ്പോൾ ഗവൺമെന്റ് സ്കൂളുകളിലും എയ്ഡഡ് സ്കൂളുകളിലുമായി എത്ര അദ്ധ്യാപകരുണ്ട്;

(ഇ) അധികമുള്ള അദ്ധ്യാപകർക്ക് ശമ്പളവും അലവൻസും ഇനത്തിൽ എന്തു തുക പ്രതിവർഷം ചെലവാകുമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഗവൺമെന്റ് സ്കൂളുകളിൽ 14,37,470-ഉം എയ്ഡഡ് സ്കൂളുകളിൽ 31,75,440-ഉം വിദ്യാർത്ഥികൾ പഠിക്കുന്നു.

(ബി) 1 : 45.

(സി) ഓരോ സ്കൂളുകളിലും കുട്ടികളുടെ എഫക്ടീവ് സ്ട്രെങ്ത് അനുസരിച്ചാണ് അദ്ധ്യാപകരുടെ എണ്ണം കണക്കാക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) 2002-2003-ലെ കണക്കനുസരിച്ച് ഗവൺമെന്റ് സ്കൂളുകളിൽ 59,763-ഉം എയ്ഡഡ് സ്കൂളുകളിൽ 1,08,949-ഉം അദ്ധ്യാപകരുണ്ട്.

(ഇ) ഉദ്ദേശം 2.76 കോടി രൂപ അധികമുള്ള അദ്ധ്യാപകർക്ക് ശമ്പളവും അലവൻസുകളുമായി ചെലവാകുന്നുണ്ട്.

ഗൾഫ് രാജ്യങ്ങളിൽ എസ്.എസ്.എൽ.സി. പരീക്ഷ, പ്ലസ്ടു പരീക്ഷ എന്നിവയുടെ നടത്തിപ്പ്

84 [636] ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗൾഫ് രാജ്യങ്ങളിൽ എസ്.എസ്.എൽ.സി പരീക്ഷ എഴുതുന്ന എത്ര കേന്ദ്രങ്ങൾ ഉണ്ട്;

(ബി) 2003 മാർച്ചിലെ എസ്.എസ്.എൽ.സി. പരീക്ഷയിൽ എത്ര വിദ്യാർത്ഥികൾ ഗൾഫ് രാജ്യങ്ങളിൽ പരീക്ഷ എഴുതിയിരുന്നു എന്ന് വ്യക്തമാക്കുമോ;

(സി) ഗൾഫിലെ പരീക്ഷാ നടത്തിപ്പിന്റെ നടപടിക്രമങ്ങൾ എന്തൊക്കെയാണ്; പരീക്ഷാ നടത്തിപ്പിന്റെ മേൽനോട്ടത്തിനായി വിദ്യാഭ്യാസ വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(ഡി) പരീക്ഷാ നടത്തിപ്പിന്റെ മേൽനോട്ടത്തിനായി ഈ വർഷം അയയ്ക്കുന്ന അദ്ധ്യാപകരുടെ പേരുകൾ വെളിപ്പെടുത്തുമോ; ഇവരെ തെരഞ്ഞെടുത്തതിന്റെ മാനദണ്ഡം വിശദമാക്കാമോ;

(ഇ) കഴിഞ്ഞ 5 വർഷമായി ഗൾഫിലേക്ക് എത്ര അദ്ധ്യാപകരെ അയച്ചിട്ടുണ്ട്; ഓരോ വർഷവും പോയ അദ്ധ്യാപകരുടെ പേരുകൾ നൽകാമോ;

(എഫ്) പ്ലസ്ടു വിദ്യാർത്ഥികൾക്കുള്ള പ്രവേശന പരീക്ഷയുടെ സെന്റർ ഗൾഫ് രാജ്യങ്ങളിൽ അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ സെന്ററുകളാണ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ജി) പ്രസ്തുത രാജ്യങ്ങളിൽ പ്രവേശന പരീക്ഷ നടത്തിപ്പിന്റെ ചുമതല ആരെയാണ് ഏല്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(എച്ച്) വിദ്യാഭ്യാസ വകുപ്പിൽ ഗൾഫ് രാജ്യങ്ങളിലെ എസ്.എസ്.എൽ.സി. പരീക്ഷ, പ്ലസ്ടു വിദ്യാർത്ഥികളുടെ പ്രവേശന പരീക്ഷ നടത്തിപ്പ് എന്നിവയുടെ ചുമതല ആരെയെങ്കിലും ഏല്പിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 16 കേന്ദ്രങ്ങൾ.

(ബി) 1014 വിദ്യാർത്ഥികൾ പരീക്ഷ എഴുതിയിരുന്നു.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly